LIBRARY ARCHIVES Kerala Legislative Assembly

അരുവിക്കര ഡാമിന്റെ സംഭരണശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത

119 (6278) ശ്രീ. വർക്കല കഹാർ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജപ്പാൻ കുടിവെള്ള പദ്ധതി കമ്മീഷൻ ചെയ്തതിനെ തുടർന്ന് തലസ്ഥാനത്തെ കുടിനീർ വിഭ്യത ഉറപ്പുവരുത്താൻ അരുവിക്കര ഡാമിന്റെ സംഭരണ ശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിനായി എന്തെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ;

(സി) അരുവിക്കര ഡാമിനോടു ചേർന്നുള്ള സംഭരണ പ്രദേശങ്ങളുടെ ആഴം കൂട്ടി ജലം സംഭരിക്കാൻ പദ്ധതിയുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പേപ്പാറ/അരുവിക്കര ഡാമുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പേപ്പാറ അണക്കെട്ടിന്റെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് റിസർവോയറിലെ ജലനിരപ്പ് ഉയർത്തണം. അതിന് ഡാമിൽ ഷട്ടറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ MOEF (Ministry of Environment & Forest) ന്റെ ക്ലിയറൻസ് ലഭ്യമായിട്ടില്ല. അതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. പേപ്പാറ ഒരു നോട്ടിഫൈഡ് വന്യമൃഗസങ്കേതമാണ്.

(സി) എൻ.ആർ.ഇ.ജി.എസ്.ന്റെ ഭാഗമായി ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ഡാമിൽ നിന്നും മണലും ചെളിയും നീക്കം ചെയ്യുന്നതിനുള്ള ഒരു പദ്ധതി പരിഗണനാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

സീതത്തോട് പഞ്ചായത്തിൽ കുടിവെള്ള പദ്ധതി

120 (6279) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സീതത്തോട് പഞ്ചായത്തിൽ ഏതെങ്കിലും കുടിവെള്ള പദ്ധതി വാട്ടർ അതോറിറ്റി നടപ്പിലാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) സീതത്തോട്-പിറ്റാർ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പുതിയ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ എന്നാണ് തുടങ്ങിയത് ; എന്നാണ് പൂർത്തിയാക്കിയത് ;